# പതിനാലാം കേരള നിയമസഭ
## (പത്താം സമ്മേളനം)

**നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ:101** **05.03.2018-ൽ മറുപടിയ്ക്ക്**

**തീരദേശ മേഖലയുടെ സമഗ്ര വികസനത്തിന് പദ്ധതികൾ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.എ. എൻ. ഷംസീർ<br>ശ്രീ.കെ. ദാസൻ<br>ശ്രീ.വി. ജോയി<br>ശ്രീ.കെ.ജെ. മാക്സി | ശ്രീമതി. ജെ. മേഴ്സിക്കുട്ടിഅമ്മ<br>(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി): |
| എ) തീരദേശ മേഖലയുടെ സമഗ്ര വികസനത്തിനായി എന്തെല്ലാം നവീന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | എ) സംസ്ഥാനത്ത് മത്സ്യത്തൊഴിലാളി മേഖലയുടെ സമഗ്ര വികസനത്തിനായി ഫിഷറിസ് വകുപ്പ് നേരിട്ടും വകുപ്പിന്റെ കീഴിലുള്ള വിവിധ ഏജൻസികൾ മുഖേനയും വിവിധ നവീന പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. **വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.** |
| ബി) ഇതിന്റെ ഭാഗമായി തീരദേശ മേഖലകൾക്കായി രണ്ടായിരം കോടി രൂപയുടെ പാക്കേജ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;വിശദമാക്കുമോ; | ബി) തീരദേശത്തിന്റെ വികസനത്തിനായി 2000 കോടി രൂപയുടെ പാക്കേജ് 2018 - 2019 ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. |
| സി) പ്രസ്തുത തീരദേശ വികസന പാക്കേജിനുള്ള വിശദമായ പദ്ധതി രേഖ തയ്യാറാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | സി) തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതി രേഖ (ഡി.പി.ആർ) ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതിനുള്ള പ്രാഥമിക യോഗം 02/02/2018-ന് സർക്കാർ തലത്തിൽ ചേരുകയുണ്ടായി. തുടർ നടപടികൾ ഉടൻ ആരംഭിക്കും. |
| ഡി) തീരദേശ മേഖലയിൽ കിഫ്ബി മുഖാന്തിരം എന്തെല്ലാം പ്രവർത്തനങ്ങൾ നടത്താനുദ്ദേശിക്കുന്നുവെന്നും ഇതിനായി ബജറ്റിൽ എത്ര കോടി രൂപ വകയിരുത്തിയിട്ടുണ്ടെന്നും വ്യക്തമാക്കാമോ? | ഡി) തീരദേശ മേഖലയിൽ വിവിധ പദ്ധതികൾ നടപ്പിലാക്കുന്നതിനായി കിഫ്ബിയിൽ ഉൾപ്പെടുത്തി 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനിക വത്ക്കരണം എന്നിവ മാത്രമായി ചുരുക്കി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതിനായി ബജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ, നിർദ്ദിഷ്ട തീരദേശ ഹൈവേയ്ക്കും മറ്റ് റോഡുകളുടെ നിർമ്മാണ പ്രവൃത്തികൾക്കും പുറമെ, |

തീരദേശമേഖലയിലെ വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന 900 കോടി രൂപ നിക്ഷേപിക്കുമെന്ന് 2018-19 -ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**

# അനുബന്ധം

ഫിഷറീസ് വകുപ്പ് മുഖേനയും ഏജൻസികൾ മുഖേനയും മത്സ്യത്തൊഴിലാളി സമഗ്ര വികസനത്തിനായി നടപ്പിലാക്കി വരുന്ന നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു.

## I. ഫിഷറീസ് വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ -

## 2016-17വർഷം നടപ്പിലാക്കിയ പദ്ധതികൾ

1) ഭവന രഹിതരായ 3149 മത്സ്യത്തൊഴിലാളികൾക്ക് ഭവന പദ്ധതി.

2) ഭൂരഹിതരായ 800 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിന് ഭൂമി അനുവദിക്കുന്ന പദ്ധതി.

3) കടലാക്രമണത്താൽ ഭൂമിയും വീടും നഷ്ടപ്പെട്ട 248 കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള പദ്ധതി.

4) 4000 മത്സ്യത്തൊഴിലാളി ഭവനങ്ങൾ പുനരുദ്ധരിക്കുന്നതിനുള്ള പദ്ധതി - 2000ലക്ഷം രൂപ

5) 1700 ശുചിത്വമുള്ള ശൗചാലയ നിർമ്മാണ പദ്ധതി-297.50 ലക്ഷം രൂപ

6) മത്സ്യത്തൊഴിലാളികളുടെ കോളനി നവീകരണ പരിപാടി -750 ലക്ഷം രൂപ

7) 60 മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിൽ ബോധവൽക്കരണ പരിപാടികൾ

8) മത്സ്യത്തൊഴിലാളികളുടെ വിദ്യാർത്ഥികളായ മക്കൾക്ക് കരിയർ ഗൈഡൻസ് 72 എണ്ണം

9) 50 മെഡിക്കൽ ക്യാമ്പുകൾ

10) തിരുവനന്തപുരം, മലപ്പുറം, കാസർഗോഡ് ജില്ലകളിൽ അക്ഷരസാഗരം പദ്ധതി 10 ലക്ഷം രൂപ

11) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് വിദ്യാഭ്യാസ ആനുകൂല്യങ്ങൾ 20 കോടി രൂപ

12) മത്സ്യത്തൊഴിലാളികളുടെ മക്കൾക്ക് സൗജന്യ മെഡിക്കൽ എൻട്രൻസ്, പി.എസ്.സി, ബാങ്ക്, സിവിൽ സർവ്വീസ് പരിശീലന പരിപാടി.

13) മത്സ്യത്തൊഴിലാളി കോളനികളുടെ അടിസ്ഥാന സൗകര്യ വികസനം - 227 ലക്ഷം രൂപ

14) മരണപ്പെട്ട മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാഭ്യാസ ചെലവ് വഹിക്കൽ.

15) മത്സ്യത്തൊഴിലാളികളുടെ മക്കളുടെ വിദ്യാലയത്തിൽ നിന്നുള്ള കൊഴിഞ്ഞു പോക്ക് തടയൽ പദ്ധതിപ്രകാരം - 4000 വിദ്യാർത്ഥികൾക്ക ഉയർന്ന ഹാജരിനും പഠന മികവിനും പ്രത്യേക ധനസഹായം നൽകുന്ന പദ്ധതി.

16) ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

17) മത്സ്യത്തൊഴിലാളി ഭവന പുനർ വൈദ്യുതീകരണം- (4000 എണ്ണം)-800 ലക്ഷം രൂപ

18) തീരപ്രദേശത്ത് അംഗനവാടികൾ, ലൈബ്രറികൾ എന്നിവ ഒരുക്കലും സൗകര്യം മെച്ചപ്പെടുത്തലും.

19) മത്സ്യത്തൊഴിലാളികളുടെ സമ്പാദ്യ ശീലം വർദ്ധിപ്പിക്കുന്നതിന് സമ്പാദ്യ സമാശ്വാസ പദ്ധതി.

20) ഭൂരഹിത മത്സ്യത്തൊഴിലാളികൾക്ക് പാർപ്പിട സമുച്ചയം നിർമ്മിക്കുന്ന പദ്ധതി. തിരുവനന്തപുരം ജില്ലയിൽ മുട്ടത്തറയിൽ 192 മത്സ്യത്തൊഴിലാളി കുടുംബങ്ങളെ പുനരധിവസിപ്പിക്കുന്നതിനുള്ള ഫ്ളാറ്റ് നിർമ്മാണം അന്തിമഘട്ടത്തിലാണ്.

21) സികേജ് ഫാമിംഗ് പദ്ധതി. (കടലിൽ കൂടുകളിൽ മത്സ്യകൃഷി)

22) മത്സ്യത്തൊഴിലാളികൾക്ക് ഒറ്റതവണ ധനസഹായമായി 1350 രൂപ അനുവദിക്കുന്ന തണൽ പദ്ധതി.

23) ഫിഷറീസ് സ്ക്കൂളുകളുടെ നവീകരണ പദ്ധതി.

24) മത്സ്യത്തൊഴിലാളികളുടെ മക്കൾ പഠിക്കുന്ന 20 സ്ക്കൂളുകളിൽ അടുക്കളപ്പുര നവീകരണ പദ്ധതി - 200 ലക്ഷം രൂപ

25) 50 തീരദേശ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂം പദ്ധതി.

26) മത്സ്യത്തൊഴിലാളികളുടെ 8,9 ക്ലാസുകളിൽ പഠിക്കുന്ന പെൺമക്കൾക്ക് സൈക്കിൾ നൽകുന്ന പദ്ധതി - 2000 പേർക്ക്

27) തീരദേശത്തെ സ്ക്കൂളുകളിൽ കായിക സൗകര്യവും കളിസ്ഥലവും ഏർപ്പെടുത്തുന്ന പദ്ധതി- 50 സ്കൂളുകൾ

28) തീരദേശത്തെ വിദ്യാലയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം .
തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ 2325.5 ലക്ഷം രൂപ

29) ആധുനിക മത്സ്യമാർക്കറ്റുകളുടെ നിർമ്മാണം.

30) നബാർഡിന്റെ ഗ്രാമീണ അടിസ്ഥാന സൗകര്യ വികസന പദ്ധതികൾ

31) കടലാക്രമണത്തിൽ വീട്ടു നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിന് തിരുവനന്തപുരം ജില്ലയിലെ മുട്ടത്തറയിൽ 3.5 ഏക്കർ സ്ഥലത്ത് 19 വീട്ടുകളടങ്ങിയ കെട്ടിട സമുച്ചയം 18 കോടി രൂപ അടങ്കൽ പൂർത്തീകരിച്ചു.

**2017-18 വർഷം താഴെ പറയുന്ന പദ്ധതികൾ ഫിഷറീസ് വകുപ്പ് നടപ്പിലാക്കി വരുന്നു.**

1. 1200 മത്സ്യത്തൊഴിലാളികൾക്ക് ഭവന നിർമ്മാണത്തിനായി 4 ലക്ഷം രൂപ നിരക്കിൽ ധനസഹായം.
2. 750 മത്സ്യത്തൊഴിലാളികൾക്ക് ഭൂമിയും വീടും നൽകുന്നതിന് 10 ലക്ഷം രൂപ നിരക്കിൽ ധനസഹായം.
3. 50 മീറ്ററിനുള്ളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിന് സ്ഥലം ഏറ്റെടുക്കുന്നതിനായി 7 കോടി രൂപ.
4. 200 മത്സ്യത്തൊഴിലാളികൾക്ക് ഫ്ളാറ്റ് നിർമ്മാണത്തിനായി 20 കോടി രൂപ
5. സൗജന്യ മെഡിക്കൽ എൻട്രൻസ് / പി.എസ്.സി /ബാങ്ക് ടെസ്റ്റ് /സിവിൽ സർവ്വീസ് പരിശീലന പരിപാടികൾ.
6. കൊല്ലം, കോഴിക്കോട്, എറണാകുളം ജില്ലകളിൽ അക്ഷരസാഗരം പദ്ധതി.
7. 1.86 ലക്ഷം ഗുണഭോക്താക്കൾക്ക് സമ്പാദ്യ സമാശ്വാസ പദ്ധതിയിലൂടെ 4,500/- രൂപ നിരക്കിൽ ആനുകൂല്യം.
8. പോസ്റ്റ് മെട്രിക് വിദ്യാർത്ഥികൾക്ക് ഇ-ഗ്രാന്റ്സ് മുഖേന വിദ്യാഭ്യാസ ആനുകൂല്യം.
9. മത്സ്യത്തൊഴിലാളി വിദ്യാർത്ഥികൾക്ക് വിദ്യാഭ്യാസാനുകൂല്യം നൽകുന്നതിനായി 20 കോടി രൂപ
10. മത്സ്യത്തൊഴിലാളികൾക്ക് സമഗ്ര ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി.
11. പത്ത് റീജിയണൽ ഫിഷറീസ് സ്കൂളുകളെ സെന്റർ ഫോർ എക്സലൻസ് ആക്കുന്നതിനുള്ള സമഗ്ര പദ്ധതികൾ .
12. 40 കരിയർ ഗൈഡൻസ് പ്രോഗ്രാമുകൾ 100 ബോധവൽക്കരണ പരിപാടികൾ, 30 മെഡിക്കൽ ക്യാമ്പുകൾ.
13. തിരുവനന്തപുരം ജില്ലയിൽ കാരോട് വില്ലേജിൽ 128 ഫ്ളാറ്റുകൾ ഊരാളുങ്കൽ ലേബർ കോപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർമ്മിക്കുന്നതിനുള്ള നടപടി ആരംഭിച്ചു.
14. ഗവൺമെന്റ് ഫിഷറീസ് ടെക്നിക്കൽ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനം/തീരദേശത്തെ ആരോഗ്യ കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കൽ - 30 കോടി രൂപ

## II ഏജൻസികൾ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

### എ) കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ:

| ക്രമ നം | പദ്ധതികൾ | ധനസഹായ തുക |
|---|---|---|
| 1 | ഗ്രൂപ്പ് ഇൻഷുറൻസ് പദ്ധതി<br>1) അപകട/മരണം/കാണാതാകൽ/സ്ഥിരവും പൂർണ്ണവുമായ അവശത<br>2) അപകടംമൂലം സ്ഥിരവും ഭാഗീകവുമായ അവശത<br>3) കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4) ശവസംസ്കാര ചെലവ്<br>5) അപകടത്തെത്തുടർന്ന് 24 മണിക്കൂർ ആശുപത്രി ചികിത്സയ്ക്ക് (പരമാവധി) | 10,00,000/-<br>5,00,000/-<br>10,000/-<br>2000/-<br>25,000/- |
| 2 | മത്സ്യബന്ധന സമയത്തോ, തൊട്ടുപിന്നാലെയോ അപകടം മൂലമുള്ള മരണം<br>(ബോർഡിൽ നിന്നു ലഭിക്കുന്ന ധനസഹായം) | 50,000 - |
| 3 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10,000 |
| 4. | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1100/ |
| 5 | മത്സ്യത്തൊഴിലാളിയുടെ മരണം ആശ്രിതർക്കുള്ള ധനസഹായം (ബോർഡിൽ നിന്നും ലഭിക്കുന്ന ധനസഹായം) | 15,000 |
| 6 | ആംആദ്മി ബീമ യോജന പദ്ധതി<br>1) അപകടം മൂലം സംഭവിക്കുന്ന മരണം<br>2) അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>3) അപകടം മൂലം സ്ഥിരവും ഭാഗീകവുമായ അവശത<br>4) സ്വാഭാവിക മരണം<br>5) 9,10,11,12 എന്നീ ക്ലാസുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് | 75,000/-<br>75,000/-<br>37,500/-<br>30,000/-<br>1200/-രൂപ (പ്രതിമാസം) |
| 7 | ആശ്രിതരുടെ മരണത്തോടനുബന്ധിച്ചുള്ള ചിലവ് | 600/- |
| 8 | എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്<br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക്<br>റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്ക്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലെയും) | 5,000/<br>4,000<br>3,000/<br>3,000/ |
| 9 | കുടുംബ സംവിധാന പദ്ധതി | 500/- |
| 10 | മാരകരോഗ ചികിൽസാ പദ്ധതി (പരമാവധി) | 50,000 |
| 11 | ചെയർമാൻസ് റിലീഫ് ഫണ്ട് | 5000/- |
| 12 | ബോർഡിന്റെ പ്രത്യേക ധനസഹായം | ബോർഡ് നിശ്ചയിക്കുന്ന തുക |
| 13 | പ്രസവ സുശ്രൂഷാ ധനസഹായം | 750/- |

| | | |
|---|---|---|
| 14 | <u>ഉന്നത വിദ്യാഭ്യാസ പ്രോൽസാഹനം</u><br>+2 പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ലഭിക്കുന്നവർക്ക്<br>വൊക്കേഷണൽ ഹയർ സെക്കന്ററി പരീക്ഷയിൽ എല്ലാ വിഷയത്തിലും എ+ലഭിക്കുന്നവർക്ക് | 5000/-<br>5000 |
| 15 | <u>മരണപ്പെട്ട മത്സ്യത്തൊഴിലാളിയുടെ ഭാര്യയ്ക്ക്</u><br>പെൻഷൻ(വിധവാ പെൻഷൻ) | 1100/- |
| 16 | <u>കായിക വിനോദ മത്സരത്തിൽ പ്രശസ്ത വിജയം നേടുന്നവർക്ക് പാരിതോഷികം</u><br><u>എ. ദേശീയ തലത്തിൽ</u><br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br><u>ദേശീയ മത്സരങ്ങളിൽ സംസ്ഥാനത്തെ പ്രതിനിധീകരിക്കുന്നവർക്ക് (ഗ്രൂപ്പ് അടിസ്ഥാനത്തിൽ)</u><br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br><u>ബി.സംസ്ഥാന തലത്തിൽ</u><br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക്<br><u>ഗ്രൂപ്പ് അടിസ്ഥാനത്തിൽ</u><br>ഒന്നാം സ്ഥാനം നേടുന്നവർക്ക്<br>രണ്ടാം സ്ഥാനം നേടുന്നവർക്ക്<br>മൂന്നാം സ്ഥാനം നേടുന്നവർക്ക് | 10,000<br>8,000/-<br>5,000/-<br>8,000<br>5,000/-<br>3,000/-<br>5,000<br>3,000/-<br>2,000/-<br>3,000<br>2,000<br>1,000/- |
| 17 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി | 1350/- |
| 18 | അപകടം മൂലമുള്ള താൽക്കാലിക അവശത | 500/- |

## അനുബന്ധ തൊഴിലാളി ക്ഷേമ പദ്ധതികൾ

| | | |
|---|---|---|
| 1 | <u>ഗ്രൂപ്പ് ഇൻഷുറൻസ്</u><br>1. അപകടം മൂലം സ്ഥിരവും പൂർണ്ണവുമായ അവശത<br>2. അപകടം മൂലം സ്ഥിരവും ഭാഗികവുമായ അവശത<br>3. കുട്ടികളുടെ പഠന ചെലവ് (2 പേർക്ക് പരമാവധി)<br>4. ശവ സംസ്കാര ചെലവ്<br>5. അപകടം മൂലം 24 മണിക്കൂറിലധികം ആശുപത്രി ചികിത്സയ്ക്ക് ധനസഹായം (പരമാവധി) | 10,00,000/-<br>5,00,000/-<br>10000/-<br>2000<br>25000/- |
| 2 | വാർദ്ധക്യകാല പെൻഷൻ (പ്രതിമാസം) | 1100/ |
| 3 | അനുബന്ധത്തൊഴിലാളികളുടെ മരണത്തോടനുബന്ധിച്ച് ആശ്രിതർക്കുള്ള ധനസഹായം | 15000 |
| 4 | പ്രസവ സുശ്രൂഷാ ധനസഹായം | 750/- |
| 5 | <u>എസ്.എസ്.എൽ.സി ക്യാഷ് അവാർഡ്</u><br>10 എ+ ലഭിക്കുന്നവർക്ക്<br>9 എ+ ലഭിക്കുന്നവർക്ക്<br>8 എ+ ലഭിക്കുന്നവർക്ക് | 5,000/-<br>4,000/-<br>3,000/- |

| | | |
|---|---|---|
| | റീജിയണൽ ഫിഷറീസ് ടെക്നിക്കൽ സ്കൂളിൽ നിന്ന് ഏറ്റവും ഉയർന്ന ഗ്രേഡ് ലഭിക്കുന്ന 3 വിദ്യാർത്ഥികൾക്ക് (ഓരോ സ്കൂളിലേയും) | 3,000/- |
| 6 | മാരക ചികിത്സാ പദ്ധതി (പരമാവധി) | 25000 |
| 7 | മത്സ്യത്തൊഴിലാളികളുടെ പെൺമക്കളുടെ വിവാഹത്തിന് ധനസഹായം | 10000/- |
| 8 | കുടുംബ സംവിധാന പദ്ധതി | 500/- |
| 9 | ബോർഡിന്റെ പ്രത്യേക ധനസഹയാം | ബോർഡ് നിശ്ചയിക്കുന്ന തുക. |
| 10 | ഉന്നത വിദ്യാഭ്യാസ പ്രോത്സാഹനം<br>1. +2 പരീക്ഷയിൽ എല്ലാ വിഷയങ്ങളിലും എ+ ലഭിക്കുന്നവർക്ക്<br>2. വൊക്കേഷണൽ ഹയർ സെക്കണ്ടറി പരീക്ഷയിൽ എല്ലാ വിഷയത്തിനും എ+ നേടുന്നവർക്ക് | 5000/-<br>5000/- |
| 11 | തണൽ മത്സ്യത്തൊഴിലാളി ആശ്വാസ പദ്ധതി (പ്രതിവർഷം) ഗവൺമെന്റ് അനുവദിക്കുന്ന മുറയ്ക്ക് | 1350 |

**ബി) മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ**

**1. എൻ.സി.ഡി.സി ധനസഹായത്തോടു കൂടിയുള്ള സംയോജിത മത്സ്യവികസന പദ്ധതി:**

പരമ്പരാഗത മത്സ്യത്തൊഴിലാളി മേഖലയിൽ മത്സ്യഫെഡ് 1985 മുതൽ ഘട്ടം ഘട്ടമായി നടപ്പിലാക്കി വരുന്ന പദ്ധതിയാണിത്. മത്സ്യഫെഡിലെ അംഗങ്ങളായ പ്രാഥമിക സഹകരണ സംഘങ്ങളിലെ അംഗങ്ങളായ മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധന ഉപകരണങ്ങൾക്കും മത്സ്യവിപണന സംവിധാനങ്ങൾ വിപുലീകരിക്കുന്നതിനും ആവശ്യമായ വായ്പ ലഭ്യമാക്കുക, സംഘങ്ങൾക്ക് മത്സ്യസംസ്കരണത്തിന് അടിസ്ഥാന സൗകര്യം ഉണ്ടാക്കുക, മത്സ്യലേലം ശക്തിപ്പെടുത്തുന്നതിന് പ്രവർത്തന മൂലധനം ലഭ്യമാക്കുക എന്നിവ ഈ പദ്ധതി വഴി നൽകി വരുന്നു.

**2. മത്സ്യത്തൊഴിലാളികൾക്ക് ഉൽപാദന വർദ്ധനവിനും വരുമാന വർദ്ധനവിനുമായി ഉൽപ്പാദന ബോണസ്സ് പദ്ധതി:**

ശക്തമായ പ്രാഥമിക സഹകരണ സംഘങ്ങൾ രൂപപ്പെടുത്തിയെടുക്കേണ്ടതിനും അതു വഴി മത്സ്യത്തൊഴിലാളികളിൽ സമ്പാദ്യശീലം വളർത്തേണ്ടതിനും, അവരുടെ ഉന്നമനത്തിനും മത്സ്യമേഖലയുടെ ആകെ പുരോഗതിക്കും സമഗ്രമായ ഒരു പദ്ധതി ആവശ്യമായി വന്ന സാഹചര്യത്തിലാണ് മത്സ്യത്തൊഴിലാളികൾക്ക് ഉത്പാദന ബോണസ്സ് നൽകുക എന്ന പദ്ധതി സംസ്ഥാന ബഡ്ജറ്റിലൂടെ നടപ്പിലാക്കുന്നതിന് മത്സ്യഫെഡ് രൂപം നൽകിയത്. സംഘം വഴി മത്സ്യലേലം ചെയ്യുന്നതിന്റെ മൊത്തം വിലയുടെ 1% തുക മത്സ്യത്തൊഴിലാളി ഗ്രൂപ്പിന്റെ സമ്പാദ്യമായി സംഘത്തിൽ നിക്ഷേപിക്കേണ്ടതും ആയതിന്റെ 50% തുക സർക്കാർ വിഹിതമായി അനുവദിക്കുന്നത് മത്സ്യഫെഡ് മുഖേന ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണിത്.

3. എൻ.ബി.സി.എഫ്.ഡി.സി/എൻ.എം.ഡി.എഫ്.സി എന്നീ ദേശീയ ധനകാര്യ സ്ഥാപനങ്ങളുടെ ധനസഹായത്തോടുകൂടിയുള്ള പദ്ധതികൾ:

**a.** <u>ടേം വായ്പകൾ:-</u>

മത്സ്യത്തൊഴിലാളി മേഖലയിൽ വിവിധ തൊഴിൽ സംരംഭങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനുമായി ടേം വായ്പകൾ 6 ശതമാനം പലിശ നിരക്കിൽ 5 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

**b.** <u>മൈക്രോഫിനാൻസ് വായ്പ:-</u>

മത്സ്യഫെഡുമായി അഫിലേറ്റ് ചെയ്തു പ്രവർത്തിക്കുന്ന പ്രാഥമിക മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ രൂപീകരിച്ചിട്ടുള്ള സ്വയം സഹായം ഗ്രൂപ്പുകൾ വഴി മൈക്രോഫിനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. വ്യക്തികൾക്ക് ആദ്യ വായ്പയായി 10000/- രൂപയും വായ്പ തിരിച്ചടയ്ക്കുന്ന മുറയ്ക്ക് 15000/- രൂപ, 20000/- രൂപ 25000/- രൂപ എന്നിങ്ങനെ 2 വർഷത്തെ കാലാവധിയിൽ പരമാവധി 6-ശതമാനം പലിശ നിരക്കിൽ സ്വയം സഹായ ഗ്രുപ്പുകൾ വഴി വിതരണം ചെയ്തു വരുന്നു.

4. **മത്സ്യത്തൊഴിലാളി വനിതകൾക്ക് മത്സ്യവിപണനത്തിന് പലിശരഹിത വായ്പാ പദ്ധതി:**

മത്സ്യത്തൊഴിലാളി വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യ വിപണനത്തിലേർപ്പെട്ടിരിക്കുന്ന വനിതകൾക്ക് പലിശ രഹിത വായ്പ വിവിധ ഘട്ടങ്ങളിലായി വിതരണം ചെയ്തു വരുന്നു. ആദ്യവായ്പ 5000/- രൂപ ഒരു വർഷകാലാവധിയിൽ തിരിച്ചടയ്ക്കുന്ന ഗുണഭോക്താക്കൾക്ക് യഥാക്രമം 10,000/- രൂപ 15000/- രൂപ, 20000/- രൂപ എന്നിങ്ങനെ വിതരണം ചെയ്യുന്നു. പലിശ രഹിത വായ്പ വിതരണത്തിനാവശ്യമായ വായ്പ തുക മത്സ്യഫെഡ് എൻ.ബി.സി.എഫ്.ഡി.സി, എൻ.എം.ഡി.എഫ്.സി എന്നീ സ്ഥാപനങ്ങളിൽ നിന്നും വായ്പയായി ലഭ്യമാകുന്നു. വായ്പയുടെ പലിശ തുക, പദ്ധതി നടത്തിപ്പിനാവശ്യമായ തുക എന്നിവ സംസ്ഥാന സർക്കാർ മത്സ്യഫെഡിന് അനുവദിച്ചു പ്രാഥമിക മത്സ്യത്തൊഴിലാളി സംഘങ്ങൾ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്.

5. **ലോൺ ഡിസ്ട്രസ് റിലീഫ് സ്കീം:**

മത്സ്യഫെഡ് മൈക്രോഫിനാൻസ്, പലിശ രഹിത വായ്പ എന്നീ പദ്ധതികൾ വഴി മത്സ്യഫെഡിൽ നിന്നും വായ്പയെടുത്തിട്ടുള്ള ഗുണഭോക്താക്കളിൽ മരണമടയുന്നവരുടെ വായ്പ കണക്കിൽ ബാക്കി നിൽക്കുന്ന വായ്പ തുക പൂർണ്ണമായും ഒഴിവാക്കി ക്കൊടുക്കുന്നതിനുള്ള ഒരു സ്കീം 2014-15 സാമ്പത്തിക വർഷം മുതൽ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. മേൽപ്പറഞ്ഞ പദ്ധതികൾ വഴി വായ്പയെടുക്കുന്ന ഗുണഭോക്താക്കൾ 50/- രൂപ വീതം, വായ്പയെടുക്കുമ്പോൾ ഈ സ്കീമിലേക്ക് വിഹിതമായി അടയ്ക്കേണ്ടതാണ്. മരണമടയുന്ന ഗുണഭോക്താക്കളുടെ ബാക്കി നിൽക്കുന്ന വായ്പാ

തുക പൂർണ്ണമായും ഒഴിവാക്കി കൊടുക്കുന്ന ഈ സ്കീം അവരുടെ കുടുംബങ്ങൾക്ക് വളരെയേറെ ഉപകാരപ്രദമാണ്.

6. **വലകൾക്കുള്ള സബ്സിഡി പദ്ധതി:**

മത്സ്യബന്ധന വലകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിന് ഒരു മത്സ്യത്തൊഴിലാളിക്ക് പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

7. **ബാങ്കുകളിൽ നിന്നുള്ള വായ്പയ്ക്കുള്ള സബ്സിഡി പദ്ധതി:**

സർക്കാർ ധനകാര്യ സ്ഥാപനങ്ങളും ബാങ്കുകളും വഴി വായ്പയെടുത്ത് മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് വായ്പാ തുകയുടെ 25 ശതമാനം വരെ സബ്സിഡി നൽകി വരുന്നു.

8. **മത്സ്യഫെഡ് ഉപകരണ സുരക്ഷാ പദ്ധതി:**

മത്സ്യഫെഡ് വിവിധ വായ്പാ പദ്ധതികൾ വഴി വിതരണം ചെയ്യുന്ന മത്സ്യബന്ധന ഉപകരണങ്ങൾക്ക് അപകടം, പ്രകൃതിക്ഷോഭം, എന്നിവ മൂലമുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നഷ്ടപരിഹാരം ഉറപ്പാക്കുന്നതിന് വേണ്ടി മത്സ്യഫെഡ് നേരിട്ട് നടത്തുന്ന ഉപകരണ സുരക്ഷാ പദ്ധതിയാണിത്.

9. **നാടൻ വള്ളങ്ങളുടെ നവീകരണം:**

നാടൻ വള്ളങ്ങൾ യന്ത്രവൽക്കരിക്കുന്നതിന് 10 എച്ച്.പി. യിൽ താഴെയുള്ള ഔട്ട് ബോർഡ് എഞ്ചിൻ വാങ്ങുന്ന മത്സ്യത്തൊഴിലാളികൾക്ക് ഈ പദ്ധതിപ്രകാരം പരമാവധി 10,000/- രൂപ വരെ സബ്സിഡി നൽകി വരുന്നു.

10. **സബ്സിഡി നിരക്കിൽ വെള്ള മണ്ണെണ്ണ വിതരണ പദ്ധതി:**

സംസ്ഥാനത്തെ 22000 പരമ്പരാഗത മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്കായി പ്രതിമാസം 3225 കിലോ ലിറ്റർ വെള്ള മണ്ണെണ്ണ ലിറ്ററൊന്നിന് 25/- രൂപ സബ്സിഡി നൽകി കൊണ്ട് 9 തീരദേശ ജില്ലകൾ കേന്ദ്രീകരിച്ച് 13 മണ്ണെണ്ണ ബങ്കുകളിലൂടെ മണ്ണെണ്ണ വിതരണം ചെയ്യുന്ന ബൃഹത്തായ പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കുന്നു. 2015 ജൂലൈ മുതൽ ആരംഭിച്ച ഈ പദ്ധതി പ്രകാരം എഞ്ചിന്റെ കുതിരശക്തിക്കനുസരിച്ച് 140 ലിറ്റർ (10 എച്ച്.പി. വരെ), 150 ലിറ്റർ (10-15 എച്ച്.പി. വരെ), 190 ലിറ്റർ (15 എച്ച്.പി.ക്ക് മുകളിൽ) വെള്ള മണ്ണെണ്ണ മാസം തോറും സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നു. അതനുസരിച്ച് 3500 രൂപ മുതൽ 5000 രൂപ വരെ സബ്സിഡി തുക പെർമിറ്റ് ഉടമയുടെ ബാങ്ക് അക്കൗണ്ടിൽ (ഡി.ബി.റ്റി.) നിക്ഷേപിക്കുന്നു.

11. **മത്സ്യബന്ധനത്തിന് ഉപയോഗപ്രദമായ വിവിധ വാണിജ്യ പ്രവർത്തനങ്ങൾ:**

- മത്സ്യത്തൊഴിലാളികൾക്ക് മത്സ്യബന്ധനാവശ്യത്തിനായി സുസുക്കി, യമഹ ഔട്ട് ബോർഡ് മോട്ടോറുകൾ മത്സ്യഫെഡ് നേരിട്ട് ഇറക്കുമതി ചെയ്ത് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു.
- നിലവിലുള്ള ഇന്ധനക്ഷാമം പരിഹരിക്കുന്നതിനും, പ്രവർത്തന ചെലവ് മൂന്നിലൊന്നായി കുറയ്ക്കുവാനും കഴിയുന്ന തരത്തിൽ യാൻമാർ ഡീസൽ എഞ്ചിനുകൾ (100 യൂണിറ്റ്) ഇറക്കുമതി ചെയ്ത് യൂണിറ്റൊന്നിന് പരമാവധി ഒരു ലക്ഷം രൂപ സബ്സിഡി നൽകി കൊണ്ട് വിതരണം ചെയ്തു വരുന്നു.
- മത്സ്യഫെഡും ഹിന്ദുസ്ഥാൻ പെട്രോളിയം കോർപ്പറേഷനും സംയുക്തമായി എച്ച്.പി. മത്സ്യഫെഡ് 2 റ്റി ഓയിൽ മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു.
- മത്സ്യത്തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവനം ഉറപ്പു വരുത്തുന്നതിനായി മത്സ്യഗ്രാമങ്ങൾ കേന്ദ്രീകരിച്ച് ഔട്ട് ബോർഡ് മോട്ടോർ സെന്ററുകൾ പ്രവർത്തിച്ചു വരുന്നു.
- ഈ കേന്ദ്രങ്ങളിൽ നിന്നും വാറന്റി സർവ്വീസ് ഉൾപ്പെടെ റിപ്പയർ വർക്കുകൾ ചെയ്തു നൽകുന്നുണ്ട്.
- തിരുവനന്തപുരം, എറണാകുളം, കണ്ണൂർ എന്നിവിടങ്ങളിലെ മത്സ്യഫെഡ് വല നിർമ്മാണ കേന്ദ്രങ്ങളിൽ നിന്നും ഗുണമേന്മയേറിയ മത്സ്യ ബന്ധന വലകൾ ഉൽപ്പാദിപ്പിച്ച് മിതമായ നിരക്കിൽ വിതരണം ചെയ്തു വരുന്നു.
- മത്സ്യത്തൊഴിലാളികളുടെ സൗകര്യാർത്ഥം ഇൻ ബോർഡ് എഞ്ചിനുകൾ പ്രവർത്തിപ്പിക്കുന്നതിനായി, മത്സ്യഫെഡ് ഡീസൽ ബങ്കുകളിലൂടെ ഡീസൽ വിതരണം ചെയതു വരുന്നു.
- മത്സ്യത്തൊഴിലാളികൾ പിടിച്ചുകൊണ്ടു വരുന്ന മത്സ്യത്തിന് ന്യായമായ വില ഉറപ്പുവരുത്തുന്നതിന് ഉതകുന്ന തരത്തിൽ തീരദേശം കേന്ദ്രീകരിച്ച് പ്രാഥമിക സംഘങ്ങളുടെ നിയന്ത്രണത്തിൽ ലേല സമ്പ്രദായം നടത്തുകയും ഫ്രഷ് ഫിഷ്മാർട്ടുകൾ ആരംഭിച്ചു പ്രവർത്തിപ്പിച്ചു വരികയും ചെയ്യുന്നു. ഇതിലൂടെ മത്സ്യത്തൊഴിലാളികൾക്കും തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും കഴിയുന്നു.
- പൊതുജനങ്ങൾക്ക് ശുചിത്വത്തോടും, വിഷമയമില്ലാതെയും ന്യായമായ വിലയ്ക്ക് മത്സ്യം ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തുടനീളം 30-ആധുനിക രീതിയിലുള്ള ഫിഷ്മാർട്ടുകൾ സ്ഥാപിച്ച് പ്രവർത്തിച്ചുവരുന്നു. ഇതിൽ പത്തനംതിട്ട ജില്ലയിൽ കോഴഞ്ചേരിയിലും, കോഴിക്കോട് ജില്ലയിൽ തിരുവണ്ണൂരിലും 2016 സെപ്തംബർ മാസമാണ് പ്രവർത്തനമാരംഭിച്ചത്. നടപ്പ് സാമ്പത്തിക വർഷം ആരംഭിക്കുന്ന 20 ഫിഷ് മാർട്ടു

കളിൽ ഏതാനും ചിലത് വരുന്ന 100 ദിവസത്തിനുള്ളിൽ പ്രവർത്തമാരംഭിക്കുവാൻ കഴി യുമെന്ന് പ്രതീക്ഷിക്കുന്നു.

- സാങ്കേതിക പരിജ്ഞാനമുള്ള മത്സ്യത്തൊഴിലാളി കുടുംബങ്ങളിലെ യുവാക്കൾക്ക് ഔട്ട് ബോർഡ് മോട്ടോർ റിപ്പയിറിംഗ് വർക്കിൽ പരിശീലനം നൽകുന്നതു വഴി ഈ മേഖല യിൽ തൊഴിലവസരം സൃഷ്ടിക്കുവാനും, അവരുടെ ജീവിത നിലവാരം ഉയർത്തുവാനും സാധിക്കുന്നു.

12. **മത്സ്യഫെഡ് മുഖേന നടപ്പിലാക്കുന്ന വിവിധ ക്ഷേമപദ്ധതികൾ:**
**മത്സ്യത്തൊഴിലാളി അപകട ഇൻഷുറൻസ് പദ്ധതി:-**

മത്സ്യത്തൊഴിലാളികൾക്ക് അപകടമരണം സംഭവിച്ചാൽ അവരുടെ ആശ്രിതർക്ക് ആനുകൂല്യം ലഭിക്കത്തക്ക രീതിയിൽ ഇൻഷുറൻസ് കമ്പനികളുമായി സഹകരിച്ച് വ്യക്തിഗത ഗ്രൂപ്പ് അപകട ഇൻഷുറൻസ് പദ്ധതി മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. നിർദ്ദിഷ്ട പ്രീമിയം തുക അടച്ച് ഈ പദ്ധതിയിൽ അംഗങ്ങളാകുന്ന മത്സ്യത്തൊഴിലാളി കൾക്ക് മാത്രമേ ഈ ആനുകൂല്യത്തിന് അർഹതയുള്ളൂ. നിലവിലുള്ള ഇൻഷു റൻസ് പദ്ധതി പ്രകാരം അപകട മരണത്തിന് 5ലക്ഷം രൂപയും, മരണാനന്തര ചടങ്ങു കൾക്കായി 2500/-രൂപയും, മരിച്ച മത്സ്യത്തൊഴിലാളിയുടെ മക്കൾക്ക് വിദ്യാഭ്യാസ ധനസ ഹായമായി പരമാവധി 10000/-രൂപ (ഒരാളിന് 5000/- രൂപവീതം) വ്യവസ്ഥകൾക്ക് വിധേയമായി നൽകി വരുന്നു. ടി പദ്ധതിയിൽ അംഗമായിട്ടുള്ളവർ അപകടത്തിൽ അംഗവൈകല്യം സംഭവിച്ചാൽ അതിന്റെ ശതമാനമനുസരിച്ച് ഇൻഷുറൻസ് പരിരക്ഷ ലഭിക്കുന്നതാണ്.

<u>സി) സാഫ് മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ</u>

തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുത്തി 2 മുതൽ 4 വരെ സ്ത്രീകൾ അടങ്ങുന്ന ഗ്രൂപ്പുകൾക്ക് ലഘു സംരംഭങ്ങൾ ആരംഭിക്കുന്നതിനായി പരമാവധി 2 ലക്ഷം രൂപ വരെ ഗ്രാന്റായി നൽകി വരുന്നു. കൂടാതെ തീരമൈത്രി പദ്ധതിയിൽ ഉൾപ്പെടുന്ന ഗ്രൂപ്പുകൾക്ക് ഒരു ലക്ഷം രൂപ വരെ തിരിച്ചടക്കേണ്ട റിവോൾവിംഗ് ഫണ്ടായും 25,000/- രൂപ വരെ ടെക്നോളജി ഇംപ്രൂവ്മെന്റിനായും 50,000/- രൂപ വരെ തങ്ങളുടേതല്ലാത്ത കാരണങ്ങളാൽ ഗ്രൂപ്പിന്റെ പ്രവർത്തനം നിലച്ചുപോയ ഗ്രൂപ്പുകൾക്ക് വീണ്ടും സംരംഭങ്ങൾ ആരംഭിക്കുന്നതിനായും നൽകി വരുന്നു. 5 ലക്ഷം രൂപ വരെ ബാങ്കിൽ നിന്നും ലോൺ എടുക്കുന്ന ഗ്രൂപ്പുകൾക്ക് പരമാവധി 60,000/- രൂപ പലിശ ഇനത്തിലും നൽകി വരുന്നു.

തീരനൈപുണ്യ പദ്ധതിയിലൂടെ പ്ലസ്ടു തലം മുതൽ വിദ്യാഭ്യാസം നേടിയിട്ടുള്ള കുട്ടികൾക്ക് 2 മാസം നീ് നിൽക്കുന്ന ട്രെയിനിംഗിൽ ഓരോ വിദ്യാർത്ഥിക്കും പ്രതിമാസം

സ്റ്റൈപന്റായി 3000/- രൂപയും യൂണിഫോമും, പാസ്പോർട്ടും നൽകി വരുന്നു. തീരമൈത്രി പദ്ധതിയ്ക്ക് 2017-18 വർഷം 5 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

തീരദേശത്തിന്റെ സമഗ്രവികസനത്തിനായി 2000 കോടി രൂപയുടെ ഒരു പാക്കേജ് നടപ്പിലാക്കുമെന്ന് 2018-19 ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

തീരദേശ വികസന പാക്കേജിന്റെ വിശദമായ പദ്ധതി രേഖ ആഗോള അംഗീകാരമുള്ള ഒരു ഏജൻസിയെക്കൊണ്ട് തയ്യാറാക്കുന്നതിന് 10 കോടി രൂപയാണ് വകയിരുത്തിയിട്ടുള്ളത്.

തീരദേശത്തിന്റെ സമഗ്രമായ പാക്കേജ് തയ്യാറാക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുന്നതിനായി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 2/2/2018 ൽ വകുപ്പിലെ ഉദ്യോഗസ്ഥർ മുൻ ചീഫ് സെക്രട്ടറി ശ്രീ. എസ്.എം. വിജയാനന്ദ്, ഈ രംഗത്തെ വിദഗ്ധർ, എന്നിവരെയെല്ലാം ഉൾപ്പെടുത്തിക്കൊണ്ട് ഒരു യോഗം കൂടുകയുണ്ടായി.

മത്സ്യത്തൊഴിലാളികളുടെ സാമൂഹിക സാമ്പത്തിക പശ്ചാത്തലം കൂടി പരിഗണിച്ച് അന്തർദേശീയ നിലവാരത്തിലുള്ള വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കേണ്ടതുണ്ടെന്നും ആയതിനായി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് റൂറൽ മാനേജ്മെന്റ് ആനന്ദ് (ഐ.ആർ.എം.എ), ടാറ്റ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സോഷ്യൽ സയൻസസ്(TISS) ഇന്റഗ്രേറ്റഡ് റൂറൽ ടെക്നോളജി സെന്റർ (ഐ.ആർ.റ്റി.സി), സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് (CMD) കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ലോക്കൽ അഡ്മിനിസ്ട്രേഷൻ (KILA) മത്സ്യമേഖലയിലെ കേന്ദ്ര ഗവേഷണ സ്ഥാപനങ്ങൾ, ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് എന്നിവരെയെല്ലാം ഉൾപ്പെടുത്തി ഒരു സമിതി രൂപീകരിച്ച് വിശദമായ പദ്ധതി റിപ്പോർട്ട് തയ്യാറാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതിനാണ് യോഗത്തിൽ തീരുമാനമായിട്ടുള്ളത്. ആയതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

കിഫ്ബിയിൽ ഉൾപ്പെടുത്തി 600 കോടി രൂപയിൽ അധികരിക്കാതെയും പദ്ധതി ഘടകങ്ങളിൽ വിദ്യാഭ്യാസ അടിസ്ഥാന സൗകര്യ വികസനം, മത്സ്യമാർക്കറ്റുകളുടെ ആധുനികവത്ക്കരണം എന്നിവ മാത്രമായി ചുരുക്കി പുതുക്കിയ പദ്ധതി റിപ്പോർട്ട് തയ്യാറാക്കി വരുന്നു. ഇതിനായി ബഡ്ജറ്റിൽ തുകയൊന്നും വകയിരുത്തിയിട്ടില്ല. എന്നാൽ, നിർദ്ദിഷ്ട തീരദേശ ഹൈവേയ്ക്കും, മറ്റ് റോഡ് നിർമ്മാണ പ്രവൃത്തികൾക്കുംപുറമെ, തീരദേശമേഖലയിലെ വികസന പദ്ധതികൾക്കായി കിഫ്ബി മുഖേന 900 കോടി രൂപ നിക്ഷേപിക്കുമെന്ന് 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

**സെക്ഷൻ ആഫീസർ**